ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE:08.06.2024 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. നിയുക്ത പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള സർക്കാരിൻറെ സത്യപ്രതിജ്ഞാ ചടങ്ങ് നാളെ വൈകുന്നേരം രാഷ്ട്രപതി ഭവനിൽ നടക്കും.
   **The swearing-in ceremony of the Prime Minister-designate Narendra Modi-led government will be held at Rashtrapati Bhavan tomorrow evening.**

2. സത്യപ്രതിജ്ഞാചടങ്ങിൽ ഇന്ത്യയുടെ അയൽരാജ്യങ്ങളിലെ രാജ്യതലവന്മാർ ഉൾപ്പെടെയുള്ള ലോക നേതാക്കൾ വിശിഷ്ടാതിഥികളായി പങ്കെടുക്കും.
   **World leaders including heads of state of India's neighboring countries will attend the swearing-in ceremony as special guests.**

3. ലോക്സഭയിലെ പ്രതിപക്ഷ നേതാവിനെ തീരുമാനിക്കുന്നതിനുള്ള കോൺഗ്രസ് പ്രവർത്തക സമിതി യോഗം ന്യൂഡൽഹിയിൽ ചേരുന്നു. ലോക്സഭാ തിരഞ്ഞെടുപ്പ് ഫലവും യോഗം ചർച്ച ചെയ്യും.
   **Congress Working Committee meeting to decide Leader of Opposition in Lok Sabha is held in New Delhi. The meeting will also discuss the results of the Lok Sabha elections.**

4. യോഗാഭ്യാസത്തിൻറെ നേട്ടങ്ങളെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ പരിപാടികൾ സംഘടിപ്പിക്കാനൊരുങ്ങി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം.
   **Union Ministry of Information and Broadcasting is planning to organize various programs to create awareness among the public about the benefits of yoga practice.**

5. കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് നാല് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

**Central Meteorological Department says heavy rain will continue in Kerala. Orange alert in four districts today.**

6. ട്വൻറി-20 ലോകകപ്പിൽ ബംഗ്ലാദേശിനും അഫ്ഗാനിസ്ഥാനും ജയം. ഇന്ത്യ-പാക്ക് മത്സരം നാളെ.

**Bangladesh and Afghanistan win the T20 World Cup. India-Pak match tomorrow.**

&&&&&&&&&&&&&&&&

# HEADLINE – 1

## REV. NEW PM PRESIDENT

നിയുക്ത പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള സർക്കാരിൻറെ സത്യപ്രതിജ്ഞാ ചടങ്ങ് നാളെ രാഷ്ട്രപതി ഭവനിൽ നടക്കും. വൈകുന്നേരം 7.15 ന് രാഷ്ട്രപതി ദ്രൗപദി മുർമു ശ്രീ നരേന്ദ്ര മോദിക്കും പുതിയ മന്ത്രിസഭ അംഗങ്ങൾക്കും സത്യവാചകം ചൊല്ലിക്കൊടുക്കും.

&&&&&&&&&&&&&&&&

# HEADLINE – 2

## PM SWEARING IN-WORLD LEADERS - INTRO

നാളെ രാഷ്ട്രപതി ഭവനിൽ നടക്കുന്ന നിയുക്ത പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെയും മറ്റ് മന്ത്രിസഭാ അംഗങ്ങളുടേയും സത്യപ്രതിജ്ഞാ ചടങ്ങിൽ ഇന്ത്യയുടെ അയൽരാജ്യങ്ങളിലെയും ഇന്ത്യൻ മഹാസമുദ്ര മേഖലയിൽപെട്ട മറ്റ് രാഷ്ട്രങ്ങളിലെയും രാജ്യതലവന്മാർ ഉൾപ്പെടെയുള്ള നേതാക്കൾ വിശിഷ്ടാതിഥികളായി പങ്കെടുക്കും.

വിശദാംശങ്ങളിലേക്ക്...

(വോയ്സ്)

*ശ്രീലങ്കൻ പ്രസിഡൻറ് റനിൽ വിക്രമസിംഗെ, മാലിദ്വീപ് പ്രസിഡൻറ് ഡോ. മുഹമ്മദ് മുയിസു, സീഷെൽസ് വൈസ് പ്രസിഡൻറ് അഹമ്മദ് അഫീഫ്, ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന എന്നിവർ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് കുമാർ ജുഗ്നാഥ്, നേപ്പാൾ പ്രധാനമന്ത്രി പുഷ്പ കമാൽ ദഹൽ പ്രചണ്ഡ, ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേ എന്നിവരും ചടങ്ങിൽ പങ്കെടുക്കും. സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കുന്നതിന് പുറമേ നാളെ വൈകിട്ട് രാഷ്ട്രപതി ഭവനിൽ പ്രസിഡൻറ് ദ്രൗപദി മുർമു സംഘടിപ്പിക്കുന്ന വിരുന്നിലും നേതാക്കൾ പങ്കെടുക്കുമെന്നും മന്ത്രാലയം അറിയിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ തുടർച്ചയായ മൂന്നാം തവണത്തെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കാനുള്ള നേതാക്കളുടെ സന്ദർശനം ഇന്ത്യയുടെ 'അയൽപക്കത്തിന് ആദ്യം' നയത്തിനും 'സാഗർ' കാഴ്ചപ്പാടിനും നൽകുന്ന ഏറ്റവും ഉയർന്ന പരിഗണനയായാണ് വിലയിരുത്തപ്പെടുന്നത്.*

*ന്യൂസ് ഡെസ്ക്, ആകാശവാണി....*

&&&&&&&&&&&&&&&&

## NO CHANGE OF GUARD

ഇന്നും 15, 22 തീയതികളിലടക്കം ഈ മാസം മൂന്ന് തവണ നടക്കേണ്ട രാഷ്ട്രപതി ഭവനിലെ ഗാർഡ് മാറ്റം ചടങ്ങ് റദ്ദാക്കി. രാഷ്ട്രപതി ഭവൻ അങ്കണത്തിൽ പ്രധാനമന്ത്രിയുടെയും മന്ത്രിമാരുടെയും സത്യപ്രതിജ്ഞാ ചടങ്ങിനും പാർലമെൻറിൻറെ ഇരുസഭകളിലുമുള്ള

രാഷ്ട്രപതിയുടെ പ്രസംഗത്തിനുമുള്ള ഒരുക്കങ്ങൾ നടക്കുന്നതിനാലാണ് ഈ റദ്ദാക്കലെന്ന് രാഷ്ട്രപതിയുടെ സെക്രട്ടേറിയറ്റ് അറിയിച്ചു.

&&&&&&&&&&&&&&&&

## DELHI POLICE DRONE BAN

നരേന്ദ്രമോദി സർക്കാരിൻറെ സത്യപ്രതിജ്ഞ ചടങ്ങിനോടനുബന്ധിച്ച് നാളെയും മറ്റന്നാളും ഡൽഹിയിൽ ഡ്രോൺ ഉപയോഗത്തിന് നിരോധനം ഏർപ്പെടുത്തി. പാരാഗ്ലൈഡറുകൾ, പാരാമോട്ടറുകൾ, ഹാംഗ് ഗ്ലൈഡറുകൾ, ആളില്ലാ വ്യോമ വാഹനങ്ങൾ, ഹോട്ട് എയർ ബലൂണുകൾ എന്നിവയുൾപ്പെടെയുള്ളവ ഉപയോഗിക്കുന്നതിനാണ് ഡൽഹി പോലീസ് നിരോധനം ഏർപ്പെടുത്തിയത്.

&&&&&&&&&&&&&&&&

## HEADLINE – 3

## CWC+TMC MEETING

ലോക്സഭയിലെ പ്രതിപക്ഷ നേതാവിനെ തീരുമാനിക്കുന്നതിനുള്ള കോൺഗ്രസ് പ്രവർത്തക സമിതി യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. ലോക്സഭാ തിരഞ്ഞെടുപ്പ് ഫലവും യോഗം ചർച്ച ചെയ്യും. കോൺഗ്രസ്സ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ മുതിർന്ന നേതാക്കളായ സോണിയാ ഗാന്ധി, രാഹുൽ ഗാന്ധി തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. അതേസമയം, ലോക്സഭയിലേക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ട തൃണമൂൽ കോൺഗ്രസ്സ് എംപിമാരുടെ യോഗം പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജിയുടെ അധ്യക്ഷതയിൽ ഇന്ന് വൈകിട്ട് 4 മണിക്ക് ചേരും.

&&&&&&&&&&&&&&&&

## CHANDRABABU NAIDU

ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിയായി തെലുങ്കുദേശം പാർട്ടി ദേശീയ അധ്യക്ഷൻ എൻ ചന്ദ്രബാബു നായിഡു ബുധനാഴ്ച സത്യപ്രതിജ്ഞ ചെയ്യും. വിജയവാഡയ്ക്ക് സമീപമാണ് സത്യപ്രതിജ്ഞാ ചടങ്ങ്. വിഭജനത്തിനുശേഷം ആന്ധ്രാപ്രദേശിൻറെ മുഖ്യമന്ത്രിയായി ഇത് രണ്ടാം തവണയാണ് നായിഡു സത്യപ്രതിജ്ഞ ചെയ്യുന്നത്.

&&&&&&&&&&&&&&&&

## REV. CBI-CHARGE SHEET

മുൻ റെയിൽവേ മന്ത്രി ലാലു പ്രസാദും കുടുംബാംഗങ്ങളും ഉൾപ്പെട്ട ജോലിക്ക് വേണ്ടി ഭൂമി കുംഭകോണവുമായി ബന്ധപ്പെട്ട് സിബിഐ അന്തിമ കുറ്റപത്രം സമർപ്പിച്ചു. കുറ്റപത്രം പരിഗണിക്കുന്നതിനായി പ്രത്യേക കോടതി ജൂലൈ ആറിന് കേസ് ലിസ്റ്റിൽ ഉൾപ്പെടുത്തി. നേരത്തെ, 2023 ഒക്ടോബർ 4 ന്, ലാലു പ്രസാദ് യാദവ്, ബിഹാർ മുൻ ഉപമുഖ്യമന്ത്രി തേജസ്വി യാദവ്, റാബ്റി ദേവി, എന്നിവർക്ക് ജോലിക്ക് വേണ്ടിയുള്ള ഭൂമി കുംഭകോണക്കേസിൽ പുതിയ കുറ്റപത്രം സമർപ്പിക്കുന്നത് സംബന്ധിച്ച് കോടതി ജാമ്യം അനുവദിച്ചിരുന്നു. മറ്റൊരു കേസിൽ ബിആർഎസ് നേതാവ് കെ കവിതയ്ക്കെതിരെ ഡൽഹി മദ്യനയക്കേസിൽ സിബിഐ ഡൽഹി കോടതിയിൽ അനുബന്ധ കുറ്റപത്രവും സമർപ്പിച്ചു. സ്പെഷ്യൽ ജഡ്ജി കാവേരി ബവേജ കേസ് ജൂലൈ 6ന് പരിഗണിക്കാൻ മാറ്റി. കവിതയുടെ ജുഡീഷ്യൽ കസ്റ്റഡി ജൂൺ 21 വരെ കോടതി നീട്ടി.

&&&&&&&&&&&&&&&&

## EC - JK POLL

ജമ്മു കശ്മീർ നിയമസഭയിലേക്കുള്ള പൊതു തെരഞ്ഞെടുപ്പിന് പൊതു ചിഹ്നം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് രാഷ്ട്രീയ പാർട്ടികളിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കാൻ തീരുമാനിച്ചതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. സെപ്റ്റംബർ 30നകം ജമ്മു കശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പ് നടത്തണമെന്ന് കഴിഞ്ഞ ഡിസംബറിൽ സുപ്രീം കോടതി തിരഞ്ഞെടുപ്പ് സമിതിയോട് നിർദ്ദേശിച്ചിരുന്നു.

&&&&&&&&&&&&&&&&

## HEADLINE – 4
## YOGA - AKASHVANI & DD - INTRO

യോഗാഭ്യാസത്തിൻറെ നേട്ടങ്ങളെ കുറിച്ചും യോഗയുടെ പൊതുവായ മാനദണ്ഡങ്ങളെ കുറിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി കേന്ദ്ര വാർത്താ വിതരണ മന്ത്രാലയം വിവിധ പരിപാടികൾ സംഘടിപ്പിക്കും. വാർത്താ വിതരണ മന്ത്രാലയം സെക്രട്ടറി സഞ്ജയ് ജാജുവും ആയുഷ് സെക്രട്ടറി, വൈദ്യ രാജേഷ് കൊട്ടേച്ചയും ഇന്നലെ ന്യൂഡൽഹിയിൽ 2024 ലെ അന്താരാഷ്ട്ര യോഗാദിനത്തോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളുടെ ഒരുക്കങ്ങൾ അവലോകനം ചെയ്യവേ അറിയിച്ചതാണ് ഇക്കാര്യം. ജൂൺ 21 ന് ആണ് അന്താരാഷ്ട്ര യോഗാ ദിനം.

വിശദാംശങ്ങളിലേക്ക്...

(വോയ്സ്)

*യോഗാ ദിനത്തോടനുബന്ധിച്ച് പ്രസാർ ഭാരതിയുടെ ആഭിമുഖ്യത്തിൽ ദൂരദർശൻ, ആകാശവാണി*

*നെറ്റ് വർക്കുകളിലൂടെ വിവിധ പരിപാടികൾ സംപ്രേക്ഷണം ചെയ്യും. പ്രത്യേക തത്സമയ പ്രഭാത ഷോകൾ ഉൾപ്പെടെ യോഗ വിദഗ്ധരുമായി നടത്തുന്ന പരിപാടികളും അഭിമുഖങ്ങളും ദൂരദർശൻ സംപ്രേക്ഷണം ചെയ്യുമെന്ന് മന്ത്രാലയം അറിയിച്ചു. മൊറാർജി ദേശായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗയുമായി സഹകരിച്ച്, യോഗയെ ഒരു ജീവിതരീതിയായി പ്രോത്സാഹിപ്പിക്കുന്നതിനും ജനങ്ങളുടെ സമഗ്രാരോഗ്യത്തിനും വേണ്ടിയുള്ള പരിപാടികൾ ആകാശവാണി പ്രക്ഷേപണം ചെയ്യും. ആയുഷ് മന്ത്രാലയം ഒരു യോഗ ഗീത് തയ്യാറാക്കിയിട്ടുണ്ട്, അത് എല്ലാ മീഡിയ പ്ലാറ്റ്ഫോമുകളിലും പങ്കിടും. താഴേത്തട്ടിൽ, പഞ്ചായത്തുകൾ, അങ്കണവാടികൾ, സ്കൂളുകൾ എന്നിവിടങ്ങളിൽ ഹർ അംഗൻ യോഗ സംരംഭത്തിന് കീഴിൽ രണ്ട് ലക്ഷത്തോളം സ്ഥലങ്ങളിൽ യോഗ സെഷനുകൾ സംഘടിപ്പിക്കും. 2023-ലെ അന്താരാഷ്ട്ര യോഗാ ദിനത്തിൽ 23 കോടിയിലധികം പേർ പങ്കെടുത്തതായി മന്ത്രാലയം അറിയിച്ചു.*

*ന്യൂസ് ഡെസ്ക്, ആകാശവാണി....*

&&&&&&&&&&&&&&&&

## RAMOJI RAO DEATH

ഈനാട് ഗ്രൂപ്പിന്റെ സ്ഥാപകനും മാധ്യമ രംഗത്തെ പ്രമുഖനുമായ സി.എച്ച് റാമോജി റാവു അന്തരിച്ചു. ഇന്ന് രാവിലെ ഹൈദരാബാദിൽ വച്ചായിരുന്നു അന്ത്യം. 87 വയസ്സായിരുന്നു. കടുത്ത ആരോഗ്യപ്രശ്നങ്ങളെത്തുടർന്ന് ഏറെനാളായി ചികിത്സയിലായിരുന്നു അദ്ദേഹം. ഈനാട് ഗ്രൂപ്പ്, റാമോജി ഫിലിം സിറ്റി എന്നിവയുൾപ്പെടെ നിരവധി ബിസിനസ് സ്ഥാപനങ്ങളുടെ ഉടമകൂടിയാണ് ശ്രീ റാമോജി റാവു. നാലു ഫിലിംഫെയർ അവാർഡുകളും ദേശീയ ചലച്ചിത്ര അവാർഡും നേടിയിട്ടുണ്ട്. 2016 ൽ ഇന്ത്യയിലെ ഏറ്റവും ഉയർന്ന രണ്ടാമത്തെ സിവിലിയൻ ബഹുമതിയായ

പത്മവിഭൂഷൺ നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

## RAMOJI RAO- PM -PREZ

ഈനാട് ഗ്രൂപ്പിന്റെ സ്ഥാപകൻ റാമോജി റാവുവിന്റെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും നിയുക്ത പ്രധാനമന്ത്രി നരേന്ദ്രമോദിയും അനുശോചനം രേഖപ്പെടുത്തി. റാമോജി റാവുവിന്റെ വിയോഗത്തോടെ, രാജ്യത്തിന്, മാധ്യമ, വിനോദ മേഖലകളിലെ ഒരു അതികായനെയാണ് നഷ്ടപ്പെട്ടതെന്ന് രാഷ്ട്രപതി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. ഈ മേഖലയിൽ അദ്ദേഹം നൽകിയ സംഭാവനകൾ ദീർഘകാലം സ്മരിക്കപ്പെടുമെന്നും ശ്രീമതി മുർമു പറഞ്ഞു. ഇന്ത്യൻ മാധ്യമരംഗത്ത് വിപ്ലവം സൃഷ്ടിച്ച വ്യക്തിത്വമായിരുന്നു റാമോജി റാവുവെന്ന് ശ്രീ നരേന്ദ്രമോദിയും അനുസ്മരിച്ചു. രാജ്യത്തിന്റെ വികസനത്തോടുള്ള അദ്ദേഹത്തിന്റെ അഭിനിവേശത്തെ പ്രശംസിച്ച മോദി, ശ്രീ റാവുവിന്റെ വിയോഗത്തിൽ കുടുംബത്തിന് അനുശോചനം അറിയിക്കുകയും ചെയ്തു.

&&&&&&&&&&&&&&&&

## HEADLINE – 5
## WEATHER KERALA

കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് നാല് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് ഓറഞ്ച് ജാഗ്രത. ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. കേരള തീരത്തും തെക്കൻ തമിഴ്നാട് തീരത്തും ഇന്ന് രാത്രി വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും

സാധ്യതയുണ്ട്. കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 11 വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&

## HEADLINE – 6

## T-20 WORLD CUP

ട്വൻറി-20 ലോകകപ്പിൽ ഇന്നത്തെ മത്സരങ്ങളിൽ ബംഗ്ലാദേശിനും അഫ്ഗാനിസ്ഥാനും ജയം. ശ്രീലങ്കയെ രണ്ട് വിക്കറ്റിനാണ് ബംഗ്ലാദേശ് പരാജയപ്പെടുത്തിയത്. ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക ഉയർത്തിയ വിജയലക്ഷ്യമായ 124 റൺസ് ബംഗ്ലാദേശ് 19 ഓവറിൽ മറികടന്നു. ഗയാനയിലെ പ്രൊവിഡൻസ് സ്റ്റേഡിയത്തിൽ നടന്ന മറ്റൊരു മത്സരത്തിൽ ന്യൂസിലൻഡിനെതിരെ അഫ്ഗാനിസ്ഥാൻ 84 റൺസിന് വിജയിച്ചു. ആദ്യം ബാറ്റ് ചെയ്ത അഫ്ഗാനിസ്ഥാൻ 20 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 159 റൺസെടുത്തു. മറുപടി ബാറ്റിംഗിനിറങ്ങിയ ന്യൂസിലാൻറ് 15.2 ഓവറിൽ 75 റൺസിന് ഓൾഔട്ടായി. കഴിഞ്ഞ ദിവസം നടന്ന മത്സരത്തിൽ കാനഡ 12 റൺസിന് അയർലൻഡിനെ പരാജയപ്പെടുത്തി. അതേസമയം, ഇന്ത്യ തങ്ങളുടെ രണ്ടാം മത്സരത്തിൽ നാളെ പാക്കിസ്ഥാനുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&&

## FIH HOCKEY PREMIER

എഫ്.ഐ.എച്ച് ഹോക്കി പ്രീമിയർ ലീഗിൽ ഇന്ത്യ ഇന്ന് ജർമ്മനിയെ നേരിടും. നാളെ ആതിഥേയരായ ഗ്രേറ്റ് ബ്രിട്ടനുമായാണ് ഇന്ത്യയുടെ മൽസരം. നിലവിൽ പോയിൻറ് പട്ടികയിൽ നാലാം സ്ഥാനത്താണ് ഇന്ത്യൻ പുരുഷ ടീം.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&